നം. വൈ(2)/661885/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 15/09/2022

# സർക്കുലർ

വിഷയം :- പൊ.വി. - സ്കൂൾ കലോത്സവം- 2022-23- ഫണ്ട് സ്വരൂപീകരണവും, നടത്തിപ്പും - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നം. എൻ(3)/55/2016/പൊ.വി.വ. തീയതി 26/10/2016.

2022-23 വർഷത്തെ കേരള സ്കൂൾ കലോത്സവത്തിന്റെ സംസ്ഥാനതല മത്സരം 2023 ജനുവരി 3 മുതൽ 7 വരെ കോഴിക്കോട് ജില്ലയിലെ വിവിധ വേദികളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന് മുന്നോടിയായി സ്കൂൾ തലം മുതൽ റവന്യൂജില്ലാതലം വരെയുള്ള മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസം പൂർണ്ണമായും സൗജന്യമായതിനാൽ ഈ വിഭാഗം കുട്ടികളിൽ നിന്നും ഒരു തുകയും പിരിക്കേണ്ടതില്ല.

ബി) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീസിനോടൊപ്പം സ്വരൂപിക്കുന്ന ഫെസ്റ്റിവൽ ഫണ്ടിനത്തിലെ 2/- രൂപയും സംഭാവനയായി 5/- രൂപ വീതവും സ്വരൂപിച്ച് ആകെ 7/- രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

സി) ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന 50/- രൂപയിൽ നിന്ന് സ്കൂൾതല കലോത്സവത്തിന്റെ ചെലവുകൾക്കായി 8/- രൂപ സ്കൂളിൽ സൂക്ഷിച്ച്, ബാക്കി 42/- രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

## തുക കൈമാറേണ്ട/അടയ്ക്കേണ്ട വിധം

തുക പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറേണ്ടത് ഓൺലൈൻ സംവിധാനത്തിലൂടെ ആയിരിക്കണം. മറ്റ് ഒരു ഇടപാടുകളിലൂടെയും പണം സ്വീകരിക്കുന്നതല്ല. ഇതിലേക്കായി **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ജഗതി ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ട് നമ്പർ 67387652992 കലോത്സവ ഫണ്ട്, IFSC Code No. SBIN0070568** ലേക്ക് ഓൺലൈനായി ചെലാൻ ജനറേറ്റ് ചെയ്ത് അതാത് സ്കൂൾ മേധാവികൾ നേരിട്ട് തുക അടക്കേണ്ടതാണ്.

സ്കൂളുകൾക്ക് ടി തുക കലോത്സവഫണ്ടിൽ അടയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനത്തിന്റെ ലിങ്ക് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഓൺലൈൻ ലിങ്ക് വഴി നിങ്ങളുടെ സ്കൂൾ കോഡ് എന്റർ ചെയ്ത് ചെല്ലാൻ ജനറേറ്റ് ചെയ്ത് എസ്.ബി.ഐ യുടെ ഏത് ശാഖ വഴിയും തുക അടയ്ക്കാവുന്നതാണ്. എല്ലാ സ്കൂളുകൾക്കും 15/10/2022 ന് മുമ്പായി ചെലാൻ എടുത്ത് പണം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം അടിയന്തിരമായി അതാത് വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്ന കലോത്സവ ഫണ്ടിന്റെ സബ്ജില്ലയ്ക്കും, ജില്ലയ്ക്കും ഉള്ള വിഹിതം അതാത് എ.ഇ.ഒ/ഡി.ഡി.ഇ-മാരുടെ അക്കൗണ്ടുകളിലേയ്ക്ക് ഈ ഓഫീസിൽ നിന്ന് നിക്ഷേപിക്കുന്നതാണ്. ഓൺലൈൻ ലിങ്ക് ചുവടെ ചേർക്കുന്നു.

https://www.onlinesbi. sbi/sbicollect/icollecthome.htm?corpID=805180

നിലവിൽ സ്കൂൾ പ്രഥമാദ്ധ്യാപകർ തുക ഡി.ഡി.ഇ./ആർ.ഡി.ഡി/എ.ഡി/ഡി.ഇ.ഒ./എ.ഇ.ഒ. ഓഫീസിൽ നേരിട്ട് നൽകിയിട്ടുണ്ടെങ്കിൽ ഈ തുക ഡി.ഡി.ഇ./ആർ.ഡി.ഡി/എ.ഡി/ഡി.ഇ.ഒ./എ.ഇ.ഒ. മാർ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് തിരികെ നൽകി മേൽ പറഞ്ഞ ലിങ്ക് വഴി ഓൺലൈനായി തുക അടയ്ക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ കീഴിൽ വരുന്ന എല്ലാ സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണം കണക്കാക്കി കലോത്സവ ഫണ്ട് ഓൺലൈനായി നൽകിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള സർക്കുലർ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ സ്കൂളുകൾക്കും നൽകേണ്ടതാണ്. സ്കൂൾ മത്സരങ്ങൾ നടത്തുന്ന തീയതികൾ ബന്ധപ്പെട്ട സ്കൂൾ അധികാരികൾ എ.ഇ.ഒ, ഡി.ഇ.ഒ മാർ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾക്കും കലോത്സവ മാന്വൽ വ്യവസ്ഥകൾക്ക് വിധേയമായും, ,സമയബന്ധിതമായും, പരാതിരഹിതമായും സ്കൂൾതലം മുതൽ റവന്യൂജില്ലാതലമം വരെയുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കന്ററി വിഭാഗം)
3. എല്ലാ എ.ഡി. മാർക്കും (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ പ്രിൻസിപ്പാൾമാർക്കും/പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
6. കരുതൽ